# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1246 04.12.2014-ൽ മറുപടിയ്ക്ക്

**ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള വസ്തു**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് എന്ന ബ്രിട്ടീഷ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ സ്ഥലമാണ് കേരളത്തിൽ വിവിധയിടങ്ങളിൽ ഉള്ളത്; ഇവയിൽ ആധാരം ഉള്ളവയും ഇല്ലാത്തവയും എത്ര ഏക്കർ വീതം; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബ്രിട്ടീഷ് കമ്പനിയുടെ പേരിലുണ്ടായിരുന്ന ഭൂമിയുടെ വിസ്തീർണ്ണം പരിശോധിച്ചതിൽ, 62,548 ഏക്കർ ഭൂമി വിവിധ കമ്പനികൾ കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ M/s.ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി, ടി കമ്പനിയിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവർ, മറ്റു കക്ഷികൾ എന്നിവരുടെ കൈവശമാണ്. ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമിയിൽ കെ.എൽ.സി നിയമപ്രകാരമുള്ള നടപടികൾ തുടരുന്നതിന് സർക്കാരിന് അധികാരമുണ്ട് എന്ന് സ്ഥാപിച്ചുകൊണ്ട് 26.11.2014-ൽ GLR(LR)-4/2013-ാം നമ്പർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഹാരിസണിന്റെ കൈവശമുള്ള 1923-ൽ തയ്യാറാക്കിയ 1600-ാം നമ്പർ ആധാരം റവന്യൂ വകുപ്പ് അധികൃതർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് യഥാർത്ഥ രേഖയാണോ വ്യാജമാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കാമോ; | ഉണ്ട്. 1600/1923-ാം നമ്പർ കരാർ ഉടമ്പടിയിലടങ്ങിയ ഭൂമിയുടെ നിജസ്ഥിതി മറച്ചുവച്ചുകൊണ്ട്, ഒരാൾ തന്നെ വിൽപ്പനക്കാരനും, വാങ്ങുന്ന കക്ഷിയും എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മുന്നാധാരങ്ങൾ ടി ഉടമ്പടിയിൽ പരാമർശിച്ചിട്ടില്ല. കൂടാതെ ബ്രിട്ടനിൽ രജിസ്റ്റർ ചെയ്ത കമ്പനിയുടെ പേരിലാണ് ടി ഉടമ്പടി. |
| (സി) | കൊല്ലം സബ്-രജിസ്ട്രാർ ഓഫീസിൽ ഹാരിസണിന്റെ വസ്തു ഇടപാട് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനികളായിരുന്ന, ചില കമ്പനികളുടെ പേരിലുണ്ടായിരുന്ന കരാർ ഉടമ്പടികൾ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ പൊടിഞ്ഞ രൂപത്തിൽ ഉള്ളതായി വിവിധ അന്വേഷണ റിപ്പോർട്ടുകളിൽ കാണുന്നു. |

| | | |
|---|---|---|
| (ഡി) | പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസണിന്റെ പത്തനംതിട്ട ജില്ലയിലെ ളാഹ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള തോട്ടങ്ങൾ തിരിച്ചു പിടിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരം ലഭ്യമാക്കാമോ? | M/s.ഹാരിസൺസ് മലയാളം ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഭൂമി പാട്ടമായി നൽകിയിട്ടില്ല. |

C.K.V. Kumar

**സെക്ഷൻ ഓഫീസർ**